**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **12-02-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതുവരെ എത്ര കിലോമീറ്റർ റോഡ് പ്രവൃത്തി പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് അവസാനിക്കുന്ന 605 കിലോമീറ്റർ ദൈർഘ്യത്തിൽ 9 തീരദേശ ജില്ലകളിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേയ്ക്ക് 10.07.2017 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. ഇതിൽ 508 കിലോമീറ്റർ (43 റീച്ചുകൾ) ആണ് കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി. - പി.എം.യു നടപ്പിലാക്കുന്നത്. സ്ഥലമേറ്റെടുപ്പിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2730.46 കോടി രൂപയുടെ സാമ്പത്തികാനുമതി നാളിതുവരെ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട് . ഇതിൽ 471 കിലോമീറ്റർ തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനും 36 കിലോമീറ്റർ തീരദേശ ഹൈവേയുടെ നിർമ്മാണത്തിനുമാണ് ലഭിച്ചിരിക്കുന്നത് .<br><br>നിലവിൽ എല്ലാ ജില്ലകളിലും തീരദേശ ഹൈവേയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു . സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച 471 കിലോമീറ്റർ ഭാഗങ്ങളിൽ, 328 km (39 റീച്ച് ) ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട് . 284 km (23 റീച്ച് ) ഭാഗത്ത് 4(1) വിജ്ഞാപനവും 37.96 km (8 റീച്ച് ) ഭാഗത്ത് 11(1) |

| | | | |
|---|---|---|---|
| | | | വിജ്ഞാപനവും 2 km (2 റീച്ച് )ഭാഗത്ത് 19(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഹൈവേ നിർമ്മാണത്തിനുമായി കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ച പ്രവർത്തികളുടെ നിലവിലെ സ്ഥിതി ഇപ്രകാരമാണ് :- മലപ്പുറം ജില്ലയിൽ സ്ഥലം ലഭ്യമായ 8 km ഭാഗത്തെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട് . ശേഷിക്കുന്ന ഭാഗത്തെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. തൃശ്ശൂർ - എറണാകുളം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 1.0 കിലോമീറ്റർ വരുന്ന അഴിക്കോട് മുനമ്പം പാലത്തിന്റെയും നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. നിലവിൽ 40% പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 0.9 കിലോമീറ്റർ വരുന്ന കോരപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 11.0 കിലോമീറ്റർ ഭാഗത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ അന്തിമ ഘട്ടത്തിലാണ് . കണ്ണൂർ ജില്ലയിലെ 4.6 കിലോമീറ്റർ ദൂരത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>മലപ്പുറം ജില്ലയിലെ ഒന്നാമത്തെ റീച്ചായ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള ഭാഗത്തെ, സ്ഥലമേറ്റെടുപ്പ് ആവശ്യമില്ലാത്ത 5.76 കിമീ ഭാഗത്തും മൂന്നാമത്തെ റീച്ചായ മൊഹ്യദീൻപള്ളി കെട്ടുങ്കൽ വരെയുള്ള 3.85 കിമീ ഭാഗത്തും റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . കൂടാതെ തീരദേശ ഹൈവേയുടെ അലൈന്മെന്റിൽ വരുന്ന കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലത്തിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ പ്രവൃത്തി സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേ 2 റീച്ചുകളായാണ് നടപ്പിലാക്കുന്നത്. ഒന്നാം റീച്ചായ വലിയപറമ്പ പാലം (0.44 കി.മീ) പ്രവർത്തിയ്ക്ക് 55.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. CRZ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ, സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. രണ്ടാമത്തെ റീച്ചായ പാണ്ട്യാലക്കടവ് മുതൽ പന്നിക്കുന്ന് വരെ ഭാഗത്തിന് സ്ഥലമെറ്റെടുക്കുന്നതിനായി 44.68 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു . നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. ടി റീച്ചിന് 19.07.2022 -ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 30.01 കിലോമീറ്റർ കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ